# 213/23-M

ചോദ്യപുസ്തക അക്ഷരകോഡ്

**A**

A

ഉദ്യോഗാർത്ഥി ക്രമനമ്പർ

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 75 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ഏത് ഭക്ഷ്യസുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ടിരിക്കുന്നു ?

   i) നഗരങ്ങളിലെ തൊഴിൽരഹിതർക്ക് പ്രയോജനം.

   ii) സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നു.

   A) അന്നപൂർണ്ണ

   B) അന്ത്യോദയ അന്നയോജന

   C) സ്വർണ്ണ ജയന്തി ഷഹാരി റോസ്ഗാർ യോജന

   D) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2. ഇന്ത്യയുടെ പതിനൊന്നാമത്തെ രാഷ്ട്രപതി ആര് ?

   A) രാംനാഥ് കോവിന്ദ്
   B) എ. പി. ജെ. അബ്ദുൾകലാം
   C) പ്രണബ് മുഖർജി
   D) ഡോക്ടർ സക്കീർ ഹുസൈൻ

3. കേരള സംസ്ഥാനത്ത് ആദ്യമായി ബാലാവകാശ ക്ലബ്ബിന് തുടക്കം കുറിച്ചത് തിരുവനന്തപുരം ജില്ലയിലെ ഏത് സ്കൂളിലാണ് ?

   A) ജി. എച്ച്. എസ്. എസ്. ഫോർ ഗേൾസ് കോട്ടൺ ഹിൽ

   B) എസ്. എം. വി. എച്ച്. എസ്., തിരുവനന്തപുരം

   C) ജി. വി. എച്ച്. എസ്. എസ്. വിതുര

   D) ജി. വി. എച്ച്. എസ്. എസ്., വെള്ളനാട്

4. കേരള കായികദിനം ആചരിക്കുന്നത് എന്ന് ?

   A) ഒക്ടോബർ – 17
   B) ഒക്ടോബർ – 27
   C) ഒക്ടോബർ – 13
   D) ഒക്ടോബർ – 23

5. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ വാളണ്ടിയർ ക്യാപ്റ്റൻ ആരായിരുന്നു ?

   A) ടി. കെ. മാധവൻ
   B) കെ. കേളപ്പൻ
   C) എ. കെ. ഗോപാലൻ
   D) മന്നത്ത് പത്മനാഭൻ

6. വരയുടെ പരമശിവൻ എന്ന് വി. കെ. എൻ. വിശേഷിപ്പിച്ചത് ആരെ ?

   A) വിഷ്ണു നാരായണൻ നമ്പൂതിരി
   B) പരമേശ്വരൻ നമ്പൂതിരി
   C) കെ. എം. വാസുദേവൻ നമ്പൂതിരി
   D) കൈതപ്രം ദാമോദരൻ നമ്പൂതിരി

7. ഏത് വർഷം മുതലാണ് കേരള സർക്കാർ ജൂൺ 19 വായനദിനമായി ആചരിക്കുന്നത് ?

A) 1999 B) 1995 C) 1994 D) 1996

8. സാധുജന പരിപാലന സംഘം സ്ഥാപിച്ചതാര് ?

A) ശ്രീനാരായണ ഗുരു
B) അയ്യങ്കാളി
C) ചട്ടമ്പി സ്വാമികൾ
D) കുമാര ഗുരുദേവൻ

9. ബ്രഹ്മപുരം മാലിന്യ പ്ലാന്റ് സ്ഥിതി ചെയ്യുന്ന ജില്ല

A) വയനാട്
B) പാലക്കാട്
C) കൊല്ലം
D) എറണാകുളം

10. വീര കേരള സിംഹം എന്ന് ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ വിശേഷിപ്പിക്കുന്നത് ആരെ ?

A) ചെമ്പൻ പോക്കർ
B) പാലിയത്തച്ഛൻ
C) പഴശ്ശിരാജ
D) വേലുത്തമ്പി ദളവ

11. ഇന്ത്യാ-പാകിസ്ഥാൻ അതിർത്തി രേഖയ്ക്കു പറയുന്ന പേര് ?

A) മക്മഹോൻ രേഖ
B) ഡ്യൂറന്റ് രേഖ
C) റാഡ്ക്ലിഫ് രേഖ
D) സിവാലിക് രേഖ

12. ഇന്ത്യയിലെ ഏക സജീവ അഗ്നിപർവ്വതമായ ബാരൺദ്വീപ് സ്ഥിതി ചെയ്യുന്നത് എവിടെ നിന്നാണ് ?

A) അരുണാചൽ പ്രദേശ്
B) ലക്ഷദ്വീപ്
C) ലഡാക്ക്
D) ആന്റമാൻ നിക്കോബാർ ദ്വീപുകൾ

13. സമതലങ്ങളിൽ പുതുതായി നിക്ഷേപിക്കപ്പെടുന്ന എക്കൽമണ്ണിനെ അറിയപ്പെടുന്ന പേര് എന്താണ് ?

A) ഖാദർ B) ഭംഗർ C) കാംഗർ D) ഡോബ്

14. ''ധാതുക്കളുടെ കലവറ'' എന്നറിയപ്പെടുന്ന ഇന്ത്യയിലെ ഭൂവിഭാഗം ഏതാണ് ?

A) ഹിമാലയം
B) ഉത്തര മഹാസമതലം
C) ഉപദ്വീപിയ പീഠഭൂമി
D) തീരപ്രദേശം

15. ഭൂമിയിലെ ഊർജത്തിന്റെ ഉറവിടം ഏതാണ് ?

A) ജലം B) സസ്യങ്ങൾ C) സൂര്യൻ D) മണ്ണ്

16. ഇന്ത്യയിൽ ആദ്യമായി വാട്ടർമെട്രോ ആരംഭിച്ചത് എവിടെയാണ് ?

A) മുംബൈ B) ഗോവ C) കൊച്ചി D) ഭോപ്പാൽ

17. ഇന്ത്യയുടെ ഏക ഉപഗ്രഹ വിക്ഷേപണ കേന്ദ്രം ഏതാണ് ?

A) തുമ്പ B) ശ്രീഹരിക്കോട്ട

C) ബാംഗ്ലൂർ D) വിശാഖപ്പട്ടണം

18. ദേശീയ വരുമാനം ലഭിക്കുന്ന മേഖലകൾ ഏതെല്ലാം ?

A) കാർഷിക മേഖല മാത്രം

B) സേവന മേഖല മാത്രം

C) വ്യവസായ മേഖലയും കാർഷിക മേഖലയും

D) കാർഷിക, വ്യവസായ, സേവന മേഖലകളിൽ നിന്നും

19. മാനവ സന്തോഷ സൂചിക വികസിപ്പിച്ച രാജ്യം ഏതാണ് ?

A) ഇന്ത്യ B) സ്വീഡൺ C) ഫിൻലാൻഡ് D) ഭൂട്ടാൻ

20. സഹകരണ ബാങ്കുകളുടെ പ്രവർത്തനതത്ത്വം എന്താണ് ?

A) സഹകരണം, മുന്നേറ്റം

B) സഹകരണം, സഹായം

C) സഹകരണം, സ്വയം സഹായം, പരസ്പര സഹായം

D) സഹകരണം, സൗഹൃദം

21. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ പ്രഥമ ചെയർമാൻ

A) ജസ്റ്റിസ് ജെ. ബി. കോശി B) ജസ്റ്റിസ് എച്ച്. എൽ. ദത്തു

C) ജസ്റ്റിസ് അരുൺ കുമാർ മിശ്ര D) ജസ്റ്റിസ് രംഗനാഥ മിശ്ര

22. ഇന്ത്യയിൽ വിവരാവകാശ നിയമം നിലവിൽ വന്ന വർഷം

A) 2002 B) 1993 C) 2005 D) 2015

23. മൗലിക ചുമതലകൾ ഇന്ത്യൻ ഭരണഘടനയോട് കൂട്ടിച്ചേർക്കപ്പെട്ടത് ഏത് ഭരണഘടനാ ഭേദഗതി വഴിയാണ് ?

A) 44 B) 42 C) 51 D) 61

24. 44 -ാം ഭരണഘടനാ ഭേദഗതിയിലൂടെ മൗലികാവകാശങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്യപ്പെട്ട അവകാശം

A) സമത്വാവകാശം
B) പാർപ്പിട സ്വാതന്ത്ര്യം
C) സ്വത്തവകാശം
D) സമ്മേളന സ്വാതന്ത്ര്യം

25. ഇന്ത്യയുടെ ദേശീയ പതാക രൂപകല്പന ചെയ്തത്

A) പോറ്റി ശ്രീരാമലു
B) പിംഗലി വെങ്കയ്യ
C) സരോജിനി നായിഡു
D) സർദാർ വല്ലഭായി പട്ടേൽ

26. ഇന്ത്യയുടെ ദേശീയ നദി

A) ഗംഗ B) യമുന C) ബ്രഹ്മപുത്ര D) കാവേരി

27. 'ജനഗണമനയെ' ഇന്ത്യയുടെ ദേശീയഗാനമായി അംഗീകരിച്ചത് എന്നാണ് ?

A) 1950 ജനുവരി 26
B) 1951 ജനുവരി 26
C) 1950 ജനുവരി 24
D) 1949 നവംബർ 26

28. ഇന്ത്യൻ ദേശീയ പതാകയുടെ അളവിന്റെ അംശബന്ധം

A) 2 : 3 B) 5 : 2 C) 1 : 3 D) 3 : 2

29. 'വന്ദേമാതരം' ഏതു ഭാഷയിലാണ് രചിക്കപ്പെട്ടിരിക്കുന്നത് ?

A) ഉർദു B) ഹിന്ദി C) സംസ്കൃതം D) ബംഗാളി

30. ഇന്ത്യയുടെ ദേശീയ ജലജീവിയായി ഗംഗാ ഡോൾഫിന് അംഗീകാരം ലഭിച്ച വർഷം

A) 2001 B) 2009 C) 1999 D) 2007

31. ബംഗാൾ വിഭജനം നടത്തിയ ബ്രിട്ടീഷ് വൈസ്രോയി

A) കഴ്സൺ പ്രഭു
B) റിപ്പൺ പ്രഭു
C) മൗണ്ട് ബാറ്റൺ പ്രഭു
D) ഇർവിൻ പ്രഭു

32. ആരാണ് അതിർത്തി ഗാന്ധി ?

A) മഹാത്മാഗാന്ധി
B) ബാലഗംഗാധര തിലകൻ
C) ഖാൻ അബ്ദുൾ ഗാഫർഖാൻ
D) സർ സൈയിദ് അഹമദ്ഖാൻ

33. ഇന്ത്യയിൽ റെയിൽവേ നിലവിൽ വന്ന വർഷം

A) 1853
B) 1835
C) 1858
D) 1838

34. ''നീൽ ദർപ്പൺ'' എന്ന നാടകം രചിച്ചതാര് ?

A) ദീനബന്ധുമിത്ര
B) സുഭാഷ് ചന്ദ്രബോസ്
C) രവീന്ദ്രനാഥ് ടാഗോർ
D) മോത്തിലാൽ നെഹ്റു

35. 'പൂർണ്ണ സ്വരാജ്യം' എന്ന ആശയം നടപ്പിലാക്കിയ കോൺഗ്രസ് സമ്മേളനം

A) ലാഹോർ
B) ബനാറസ്
C) ബോംബെ
D) ബെൽഗാം

36. 1857-ൽ നാനാ സാഹിബ് കലാപം നയിച്ച സ്ഥലം

A) ഡൽഹി
B) മീററ്റ്
C) കാൻപൂർ
D) ലക്നൗ

37. ദത്തവകാശ നിരോധന നിയമം കൊണ്ടു വന്നത്

A) വെല്ലസ്ലി പ്രഭു
B) ലിട്ടൻ പ്രഭു
C) വില്യം ബെൻറ്റിക് പ്രഭു
D) ഡൽഹൗസി പ്രഭു

38. ശ്രീരംഗപട്ടണം ഉടമ്പടിയിൽ ഒപ്പുവെച്ച ഇന്ത്യൻ നാട്ടുരാജാവ്

A) സിറാജ് ഉദ് ദൗല
B) പഴശ്ശിരാജ
C) ടിപ്പു സുൽത്താൻ
D) നാനാ സാഹിബ്

39. വീരപാണ്ഡ്യ കട്ടബൊമ്മൻ കലാപം നയിച്ച സ്ഥലം

A) തിരുനൽവേലി
B) മൈസൂർ
C) സേലം
D) കൊച്ചി

40. ഭരണഘടനയുടെ താക്കോൽ എന്ന് വിശേഷിപ്പിക്കുന്നത്

A) ആമുഖം
B) മൗലികാവകാശങ്ങൾ
C) അനുബന്ധങ്ങൾ
D) ഭേദഗതികൾ

41. കേരളത്തിൽ 100 കിലോമീറ്ററിലേറെ നീളമുള്ള നദികളുടെ എണ്ണം

A) 10 B) 3 C) 11 D) 7

42. പെരിയാർ കടുവാ സങ്കേതം നിലകൊള്ളുന്ന ഒരു ജില്ല ഏത് ?

A) ഇടുക്കി B) പാലക്കാട് C) വയനാട് D) കൊല്ലം

43. കേരളത്തിൽ എത്ര മുനിസിപ്പൽ കോർപറേഷനുകൾ ഉണ്ട് ?

A) 7 B) 5 C) 4 D) 6

44. കേരളത്തിലെ ഏറ്റവും ചെറിയ ദേശീയോദ്യാനം

A) പാമ്പാടും ചോല
B) സൈലന്റ് വാലി
C) ഇരവികുളം
D) മതികെട്ടാൻ ചോല

45. ഇന്ത്യയിൽ നിർമിച്ച ആദ്യത്തെ കോൺക്രീറ്റ് അണക്കെട്ട്

A) മലമ്പുഴ
B) മാട്ടുപെട്ടി
C) ഷോളയാർ
D) ഇടമലയാർ

46. കൊച്ചി മെട്രോ ഉദ്ഘാടനം ചെയ്ത വർഷം

A) 2018 B) 2017 C) 2019 D) 2016

47. പത്മശ്രീ പുരസ്കാരം നേടിയ ആദ്യ മലയാളി കായികതാരം

A) പി. ടി. ഉഷ
B) അഞ്ജു ബോബി ജോർജ്
C) എം. ഡി. വൽസമ്മ
D) മേഴ്സി കുട്ടൻ

48. കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത പരീക്ഷകൾക്ക് സൗജന്യ പരിശീലനം നൽകുന്ന പദ്ധതി

A) വിദ്യാതീരം
B) സ്നേഹ സാന്ത്വനം
C) വിജ്ഞാൻവാടി
D) കലാപാഠം

49. കേരളത്തിലെ ആദ്യത്തെ ഉപമുഖ്യമന്ത്രി

A) പട്ടം താണുപിള്ള
B) ആർ. ശങ്കർ
C) പനംബിള്ളി ഗോവിന്ദൻ മേനോൻ
D) ഇ. എം. എസ്.

50. കേരളത്തിലെ ഇപ്പോഴത്തെ വൈദ്യുതി മന്ത്രി

A) കെ. കൃഷ്ണൻ കുട്ടി
B) എം. എം. മണി
C) എസ്. ശർമ്മ
D) എ. കെ. ബാലൻ

51. 'സമത്വ സമാജ'ത്തിന്റെ സ്ഥാപകൻ

A) ചട്ടമ്പി സ്വാമികൾ
B) വാഗ്ഭടാനന്ദൻ
C) വൈകുണ്ഠസ്വാമികൾ
D) വി. ടി. ഭട്ടതിരിപാട്

52. തിരുവിതാംകൂറിൽ അടിമ സമ്പ്രദായം നിർത്തലാക്കിയ ഭരണാധികാരി

A) മാർത്താണ്ഡവർമ്മ
B) റാണി ഗൗരി ലക്ഷ്മി ഭായ്
C) ആയില്യം തിരുനാൾ
D) ശ്രീ ചിത്തിര തിരുനാൾ ബാലരാമ വർമ്മ

53. കല്ലുമാല സമരം നടത്തിയത് ആര് ?

A) ഡോ. അംബേദ്കർ
B) അയ്യൻകാളി
C) കുമാരഗുരു
D) വക്കം അബ്ദുൾ ഖാദർ മൗലവി

54. 'ജാതിക്കുമ്മി' എന്ന കവിത രചിച്ചത്

A) പണ്ഡിറ്റ് കെ. പി. കറുപ്പൻ
B) വള്ളത്തോൾ നാരായണ മേനോൻ
C) ഉള്ളൂർ
D) ശ്രീ നാരായണ ഗുരു

55. 'തോൽ വിറക് സമരം' നടന്നത് ഏത് ജില്ലയിലാണ് ?

A) കാസർകോട്
B) ഇടുക്കി
C) പത്തനംതിട്ട
D) പാലക്കാട്

56. കുണ്ടറ വിളംബരം നടന്ന വർഷം

A) 1906
B) 1809
C) 1808
D) 1807

57. കേരളത്തിൽ ഉപ്പു സത്യാഗ്രഹം നടന്ന സ്ഥലം

A) പയ്യന്നൂർ
B) നീലേശ്വരം
C) തലശ്ശേരി
D) മഞ്ചേശ്വരം

58. ഗാന്ധിജി എന്തിനെയാണ് ആധുനികതയിലെ മഹാത്ഭുതം എന്ന് വിശേഷിപ്പിച്ചത് ?

A) വൈക്കം സത്യാഗ്രഹം
B) ചാന്നാർ ലഹള
C) നിവർത്തന പ്രക്ഷോഭം
D) ക്ഷേത്ര പ്രവേശന വിളംബരം

59. ക്വിറ്റ് ഇന്ത്യാ സമര നായിക എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് ആരെ ?

A) വിജയലക്ഷ്മി പണ്ഡിറ്റ്
B) അക്കാമ ചെറിയാൻ
C) അരുണ ആസഫലി
D) സരോജിനി നായിഡു

60. കേരള ഗാന്ധി എന്ന് അറിയപ്പെടുന്നത്

A) കെ. കേളപ്പൻ
B) എ. കെ. ഗോപാലൻ
C) ടി. കെ. മാധവൻ
D) മന്നത്തു പത്മനാഭൻ

61. പ്രായപൂർത്തിയായ ഒരു മനുഷ്യനിലെ ആകെ പല്ലുകളുടെ എണ്ണം എത്ര ?

A) 28
B) 32
C) 20
D) 24

62. സൂര്യപ്രകാശം ഏൽക്കുമ്പോൾ മനുഷ്യശരീരത്തിൽ നിർമ്മിക്കപ്പെടുന്ന വിറ്റാമിൻ ഏത് ?

A) വിറ്റാമിൻ A
B) വിറ്റാമിൻ B
C) വിറ്റാമിൻ C
D) വിറ്റാമിൻ D

63. കോവിഡ് – 19 രോഗത്തിന് കാരണം ഏത് വിഭാഗത്തിൽപ്പെടുന്ന സൂക്ഷ്മ ജീവിയാണ് ?

A) ബാക്ടീരിയ
B) ഫംഗസ്
C) വൈറസ്
D) പ്രോട്ടോസോവ

64. മനുഷ്യ ശരീരത്തിൽ അന്നപഥത്തിലെ ഏത് ഭാഗമാണ് ആഹാരത്തിലെ പോഷക ഘടകങ്ങളെ രക്തത്തിലേയ്ക്ക് ആഗിരണം ചെയ്യുന്നത് ?

A) അന്നനാളം
B) ആമാശയം
C) ചെറുകുടൽ
D) വൻകുടൽ

65. മാരകരോഗങ്ങൾ കാരണം ദുരിതമനുഭവിക്കുന്ന 18 വയസിൽ താഴെയുള്ള കുട്ടികളുടെ ചികിത്സയ്ക്ക് ധനസഹായം നൽകുന്ന കേരള സർക്കാരിന്റെ പദ്ധതി ഏത് പേരിൽ അറിയപ്പെടുന്നു ?

A) താലോലം
B) സുകൃതം
C) സമാശ്വാസം
D) മന്ദഹാസം

66. സങ്കരയിനം തക്കാളി ഏത് ?

A) ഉജ്ജ്വല
B) ജ്വാലാമുഖി
C) അനുഗ്രഹ
D) അക്ഷയ

67. കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം (CPCRI) എവിടെ സ്ഥിതിചെയ്യുന്നു ?

A) മണ്ണുത്തി
B) കാസർഗോഡ്
C) കോഴിക്കോട്
D) തിരുവനന്തപുരം

68. മണ്ണില്ലാതെ കൃഷി ചെയ്യുന്ന കൃഷിരീതി ഏത് ?

A) ഹൈഡ്രോപോണിക്സ്
B) ഫ്ലോറികൾച്ചർ
C) സെറികൾച്ചർ
D) പിസികൾച്ചർ

69. ജീവജാലങ്ങൾ തമ്മിലും ജീവജാലങ്ങളും അവയുടെ ചുറ്റുപാടും തമ്മിലുള്ള പരസ്പര ബന്ധത്തെക്കുറിച്ചുള്ള പഠനം ഏത് ?

A) സൈറ്റോളജി
B) ബയോളജി
C) ഇക്കോളജി
D) സുവോളജി

70. റെഡ് ഡാറ്റാ ബുക്കിൽ ഉൾപ്പെട്ടിരിക്കുന്നത് ഏത് വിഭാഗത്തിൽപ്പെട്ട സസ്യങ്ങളും ജന്തുക്കളുമാണ് ?

A) വംശനാശ ഭീഷണി നേരിടുന്നവ
B) സങ്കരയിനം ജീവികൾ
C) കാർഷിക വിളകൾ
D) വളർത്തു മൃഗങ്ങൾ

71. ആറ്റത്തിന്റെ സൗരയൂഥ മാതൃക കണ്ടെത്തിയ ശാസ്ത്രജ്ഞനാരാണ് ?

A) നീൽസ് ബോർ
B) റൂഥർഫോർഡ്
C) ജെ. ജെ. തോംസൺ
D) ജെയിംസ് ചാഡ്വിക്ക്

72. കലാമിൻ ഏത് ലോഹത്തിന്റെ അയിരാണ് ?

A) സിങ്ക്
B) കോപ്പർ
C) അലുമിനിയം
D) ഇരുമ്പ്

73. പിരിയോഡിക് ടേബിളിൽ അലസവാതകങ്ങൾ ഏത് ഗ്രൂപ്പിലായിരിക്കും കാണപ്പെടുന്നത് ?

A) 15
B) 16
C) 17
D) 18

74. ചുവടെ നൽകിയവയിൽ നിന്ന് ഏകാറ്റോമിക തൻമാത്രക്ക് ഉദാഹരണം കണ്ടെത്തുക.

A) ഹൈഡ്രജൻ
B) ക്ലോറിൻ
C) ഹീലിയം
D) ഓക്സിജൻ

75. LPG-യിലെ മുഖ്യ ഘടകം ഏതായിരിക്കും ?

A) ബ്യൂട്ടെയ്ൻ
B) മീഥെയ്ൻ
C) പ്രൊപ്പെയ്ൻ
D) പെന്റെയ്ൻ

76. ശബ്ദം അളക്കാൻ ഉപയോഗിക്കുന്ന യൂണിറ്റ്

A) ഹെർട്സ്
B) ന്യൂട്ടൺ
C) മീറ്റർ
D) ഡെസിബൽ

77. ഊർജ്ജത്തിന്റെ യൂണിറ്റ്

A) ന്യൂട്ടൺ
B) വാട്ട്
C) ജൂൾ
D) കിലോഗ്രാം

78. ഒരു സദിശ അളവിന് ഉദാഹരണം

A) ദൂരം
B) സമയം
C) ത്വരണം
D) ഊഷ്മാവ്

79. കടൽക്കാറ്റ് ഉണ്ടാകുന്നതിന് കാരണമാകുന്ന താപപ്രക്രിയ

A) ചാലനം
B) സംവഹനം
C) വികിരണം
D) പ്രകീർണ്ണനം

80. ഒരു ഗോളീയ ദർപ്പണത്തിന്റെ ഫോക്കസ് ദൂരവും (F) ആ ദർപ്പണത്തിന്റെ വക്രതാ ആരവും (R) തമ്മിലുള്ള ബന്ധം

A) $F = \frac{R}{2}$
B) $F = R^2$
C) $F = 2R$
D) $F = \frac{3}{4}R$

81. ഏറ്റവും ചെറിയ എണ്ണൽ സംഖ്യ

A) 1 B) 0 C) 2 D) 4

82. 20 നും 30 നും ഇടയിലുള്ള അഭാജ്യസംഖ്യകളുടെ എണ്ണം

A) 3 B) 0 C) 1 D) 2

83. ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏത് ?

A) സംഖ്യകളുടെ ലസാഗു, ഉസാഘ എന്നിവ പൂജ്യം ആകും.

B) എല്ലാ സംഖ്യകളുടേയും ഉസാഘ എപ്പോഴും 1 ആയിരിക്കും.

C) രണ്ടു സംഖ്യകളുടെ ലസാഗു, ഉസാഘ എന്നിവ തമ്മിൽ ഗുണിക്കുന്നത് സംഖ്യകളുടെ ഗുണനഫലം ആയിരിക്കും.

D) രണ്ടു സംഖ്യകളുടെ ലസാഗു, ഉസാഘ എന്നിവ തമ്മിൽ ഗുണിക്കുമ്പോൾ സംഖ്യ കിട്ടുന്നു.

84. $\frac{3}{10}$ ന്റെ $\frac{5}{9}$ ഭാഗം

A) $\frac{1}{3}$ B) $\frac{1}{6}$ C) $\frac{1}{9}$ D) $\frac{1}{10}$

85. ഒരാളുടെ 8 ദിവസത്തെ ആകെ വരുമാനം 1,840 രൂപ. അയാളുടെ ഒരു ദിവസത്തെ ശരാശരി വരുമാനം എത്രയാണ് ?

A) 240 B) 250 C) 230 D) 200

86. $a^2 - b^2 = ?$

A) $(a + b) (a - b)$ B) $a^2 - 2ab + b^2$

C) $(a - b) (a - b)$ D) $(a - b)$

87. 15 മീറ്റർ നീളമുള്ള ഒരു കമ്പി $\frac{3}{4}$ മീറ്റർ നീളമുള്ള കഷണങ്ങളാക്കിയാൽ എത്ര കഷണങ്ങൾ ഉണ്ടാക്കും ?

A) 10 B) 20 C) 15 D) 12

88. 7.4 സെ. മീ., താഴെ തന്നിരിക്കുന്നവയിൽ ശരിയായവ ഏത് ?

A) $7\frac{4}{10}$ സെ. മീ. B) 7 സെ. മീ. 4 മി. മീ.

C) 74 മി. മീ. D) എല്ലാം ശരിയാണ്

89. ഒരു വാഹനം 36 കിലോമീറ്റർ/മണിക്കൂർ ശരാശരി വേഗത്തിൽ സഞ്ചരിയ്ക്കുന്നു. എങ്കിൽ 1 സെക്കന്റിൽ ഈ വാഹനത്തിന്റെ ശരാശരി ദൂരം എത്ര മുന്നോട്ടു പോകും ?

A) 10 m/s B) 20 m/s C) 5 m/s D) 15 m/s

90. ഒരു സൈക്കിൾ 7,200 രൂപയ്ക്ക് വിറ്റപ്പോൾ 10% നഷ്ടം ഉണ്ടായി. ഈ സൈക്കിളിന് കച്ചവടക്കാരൻ ആദ്യം 8,000 രൂപ ചെലവാക്കി. എങ്കിൽ ചെലവാക്കിയതിന്റെ എത്ര ശതമാനമാണ് വിറ്റവില ?

A) 10% B) 50% C) 90% D) 100%

91. AX, BU, CR, __________ ?

A) DO B) DN C) DD D) DP

92. 0, 1, 2, 3, 4, 5, 6, 7, 8, 9 എന്നീ അക്കങ്ങളെ A, B, C, D, E, F, G, H, I, J എന്നീ അക്ഷരങ്ങൾ ഉപയോഗിച്ച് കോഡ് ചെയ്തിരിയ്ക്കുന്നു. എങ്കിൽ $\frac{(H+F)+(C+E)}{(J-D)}$ എത്രയാണ് ?

A) 3 B) 6 C) 10 D) 0

93. മനു തന്റെ വീട്ടിൽ നിന്നും ആദ്യം വടക്കോട്ട് 8 മീറ്ററും പിന്നീട് കിഴക്കോട്ട് 6 മീറ്ററും നടന്നാൽ; തന്നിരിയ്ക്കുന്ന പ്രസ്താവനകളിൽ നിന്നും ശരിയായവ കണ്ടെത്തുക.

A) മനു ഇപ്പോൾ നിൽക്കുന്നത് പടിഞ്ഞാറ് ദിശയിൽ ആണ്.

B) മനു സഞ്ചരിച്ച കുറഞ്ഞ ദൂരം 10 മീറ്റർ ആണ്.

C) മനു സഞ്ചരിച്ച കുറഞ്ഞ ദൂരം 14 മീറ്റർ ആണ്.

D) ഇവയെല്ലാം ശരിയാണ്.

94. രാജസ്ഥാൻ : ജയ്പൂർ : : മേഘാലയ : _________ ?

A) ഐസ്വാൾ B) ഇംഫാൽ

C) ഷിലോങ്ങ് D) ദിസ്പൂർ

95. താഴെ തന്നിരിയ്ക്കുന്നവയിൽ ഒറ്റയാനെ കണ്ടെത്തുക.

A) ക്ഷേത്രഗണിതം B) ബീജഗണിതം

C) അങ്കഗണിതം D) ഗണിതം

96. ഒരു വരിയിൽ അമ്പാടി, മുന്നിൽ നിന്ന് പത്താമതും പിന്നിൽ നിന്ന് അഞ്ചാമതും ആണെങ്കിൽ

i) വരിയിൽ ആകെ 14 പേർ ഉണ്ട്.

ii) അമ്പാടിയുടെ മുന്നിൽ 9 പേർ ഉണ്ട്.

iii) അമ്പാടിയുടെ പിന്നിൽ 4 പേർ ഉണ്ട്.

A) ii മാത്രം ശരി
B) iii മാത്രം ശരി
C) i, ii, iii ശരി
D) i, ii, iii തെറ്റ്

97. C, A യുടെ അച്ഛനാണ്. എന്നാൽ A യുടെ മകൻ അല്ല C. എങ്കിൽ A യും C യും തമ്മിലുള്ള ബന്ധം

A) ഭാര്യ
B) മകൾ
C) സഹോദരി
D) ഇവരാരുമല്ല

98. കണ്ണന് സച്ചുവിനേക്കാൾ ഉയരമുണ്ട്. അരുണിന് ഉണ്ണിയേക്കാൾ ഉയരകൂടുതൽ ആണ്. ഉണ്ണിയ്ക്ക് സച്ചുവിനേക്കാൾ ഉയരം കുറവ് ആണ്. അരുണിന് കണ്ണന്റെ അത്ര ഉയരമില്ല. എങ്കിൽ ഏറ്റവും ഉയരം ആർക്ക് ആണ് ?

A) കണ്ണൻ
B) സച്ചു
C) അരുൺ
D) ഉണ്ണി

99. കലയുടെ വയസ്സിന്റെ 9 മടങ്ങിനോട് 5 കൂട്ടിയാൽ അവളുടെ അച്ഛന്റെ വയസ്സ് കിട്ടും. അച്ഛന്റെ വയസ്സ് 50 ആയാൽ കലയുടെ വയസ്സ് എത്ര ?

A) 5
B) 9
C) 10
D) 6

100. ഒരു ഘടികാരം നിശ്ചലമായാൽ ദിവസം എത്ര പ്രാവശ്യം അത് കൃത്യസമയം കാണിയ്ക്കും ?

A) 1
B) 2
C) 4
D) 0

## Space for Rough Work

FINAL ANSWER KEY

Question Paper Code: 213/2023

COOLIE WORKER, LGS, OFFICE ATTENDANT GR.II etc..(PRELIMINARY EXAM STAGE.V)

Medium of Question: MALAYALAM/TAMIL/KANNADA

Date of Test: 29/10/2023

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 1 | C | D | C | C |
| 2 | B | C | B | D |
| 3 | C | B | D | C |
| 4 | C | C | D | A |
| 5 | C | B | C | A |
| 6 | C | C | B | A |
| 7 | D | B | A | C |
| 8 | B | B | D | D |
| 9 | D | A | C | D |
| 10 | C | A | A | B |
| 11 | C | C | D | B |
| 12 | D | D | C | A |
| 13 | A | C | B | D |
| 14 | C | A | C | C |
| 15 | C | A | B | A |
| 16 | C | C | B | A |
| 17 | B | D | C | C |
| 18 | D | A | A | A |
| 19 | D | C | B | A |
| 20 | C | C | A | A |
| 21 | D | A | C | C |
| 22 | C | C | D | B |
| 23 | B | A | C | B |
| 24 | C | A | A | A |
| 25 | B | A | A | A |
| 26 | A | B | C | C |
| 27 | C | C | D | B |
| 28 | D | A | A | C |
| 29 | D | B | C | C |
| 30 | B | A | C | C |
| 31 | A | C | C | C |
| 32 | C | B | A | B |
| 33 | A | C | D | D |
| 34 | A | C | A | D |
| 35 | A | C | B | C |
| 36 | C | A | C | B |
| 37 | D | C | B | C |
| 38 | C | D | B | A |
| 39 | A | D | A | B |
| 40 | A | B | A | A |
| 41 | C | B | C | C |
| 42 | A | A | D | D |
| 43 | D | D | B | A |
| 44 | A | C | D | C |
| 45 | B | A | C | C |
| 46 | B | C | A | C |
| 47 | C | D | C | A |
| 48 | A | B | D | D |
| 49 | B | D | D | A |
| 50 | A | C | B | B |

| Q No. | QUESTION BOOKLET | | | |
|---|---|---|---|---|
| | A | B | C | D |
| 51 | C | C | C | D |
| 52 | B | A | B | C |
| 53 | B | D | C | B |
| 54 | A | A | C | C |
| 55 | A | B | C | B |
| 56 | B | C | A | C |
| 57 | A | B | C | D |
| 58 | D | D | A | B |
| 59 | C | D | A | D |
| 60 | A | C | A | C |
| 61 | B | D | A | C |
| 62 | D | C | D | A |
| 63 | C | A | B | B |
| 64 | C | D | A | A |
| 65 | A | C | C | B |
| 66 | D | A | C | D |
| 67 | B | B | B | C |
| 68 | A | A | A | C |
| 69 | C | B | D | C |
| 70 | A | D | C | C |
| 71 | B | C | A | B |
| 72 | A | C | D | A |
| 73 | D | C | B | A |
| 74 | C | C | D | D |
| 75 | A | B | C | B |
| 76 | D | A | C | A |
| 77 | C | A | C | D |
| 78 | C | D | A | C |
| 79 | B | B | B | A |
| 80 | A | A | A | D |
| 81 | A | B | C | A |
| 82 | D | C | A | C |
| 83 | C | D | B | A |
| 84 | B | C | D | A |
| 85 | C | A | X | A |
| 86 | A | C | A | D |
| 87 | B | A | A | C |
| 88 | D | A | B | B |
| 89 | A | A | B | X |
| 90 | C | D | C | A |
| 91 | A | C | D | A |
| 92 | A | B | C | B |
| 93 | B | X | A | C |
| 94 | C | A | D | A |
| 95 | D | A | C | B |
| 96 | C | B | B | D |
| 97 | X | C | A | B |
| 98 | A | A | C | C |
| 99 | A | B | A | D |
| 100 | B | D | A | C |

'X' DENOTES DELETION